ഉത്തരം

(എ) കാലോചിതമായ മാറ്റങ്ങൾ കുടുംബാസൂത്രണ രംഗത്ത് നടക്കുന്നുണ്ട്. ഈ കാരണങ്ങൾ കൊണ്ട് അംഗീകാരം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാലോചിതമായ മാറ്റങ്ങൾ കുടുംബാസൂത്രണ രംഗത്ത് നടപ്പിലാക്കുന്നതിന് ലോകാരോഗ്യ സംഘടന നൽകുന്ന നിർദ്ദേശങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം അംഗീകരിച്ചതിനുശേഷം മാത്രമേ സംസ്ഥാനതലത്തിൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(സി) പൊതുജനങ്ങൾക്ക് സ്വീകാര്യമായതും ലോകാരോഗ്യ സംഘടന അംഗീകരിച്ചതുമായ ചുവടെ ചേർക്കുന്ന പരിപാടികൾ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം കേരളത്തിൽ നടപ്പിലാക്കിവരുന്നു.

PPIUCD	പ്രസവം/പ്രസവ ശസ്ത്രക്രിയയെത്തുടർന്ന് CuT (കോപ്പർ ടി) നിക്ഷേപിക്കുന്ന പദ്ധതി
NSV	ഓപ്പറേഷൻ കൂടാതെയുള്ള ലളിതമായ പുരുഷ വന്ധ്യകരണ രീതി
Cu 35	5 വർഷത്തിലൊരിക്കൽ മാത്രം നിക്ഷേപിക്കുന്ന നൂതനമായ CuT (കോപ്പർ ടി)
EC Pills	സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിനുശേഷം ഗർഭധാരണം ഒഴിവാക്കാൻ കഴിക്കേണ്ട ഗുളിക

നഴ്സിംഗ് രജിസ്ട്രേഷൻ

106 (813) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഴ്സിംഗ് രജിസ്ട്രേഷന് സർക്കാർ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന പുതിയ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാനത്ത് പഠിച്ചവരും അവിടങ്ങളിൽ രജിസ്റ്റർ ചെയ്തവരുമായ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് വീണ്ടും സ്വന്തം സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്യണം എന്ന വ്യവസ്ഥയുടെ ആവശ്യം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശത്ത് ജോലി നോക്കുന്ന നഴ്സുമാർക്ക് രണ്ടുതരം രജിസ്ട്രേഷന്റെ പേരിൽ കാലതാമസവും ജോലി ചെയ്യുന്നതിന് തടസ്സവും നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ;

(ഡി) പുതിയ നഴ്സിംഗ് രജിസ്ട്രേഷൻ വ്യവസ്ഥയ്ക്ക് മുമ്പെ പഠിച്ചിറങ്ങിയവർക്ക് രജിസ്ട്രേഷനിൽ എന്തെങ്കിലും ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഇപ്പോൾ നഴ്സിംഗ് മേഖലയിൽ യോഗ്യത നേടിയവർ കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രേഷനുവേണ്ടി ഓൺലൈൻ സംവിധാനം മുഖാന്തരമാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. ലോകത്ത് എവിടെ നിന്നും രജിസ്ട്രേഷൻ നടത്താവുന്നതാണ്. രജിസ്ട്രേഷനുവേണ്ടി നിശ്ചയിച്ചിട്ടുള്ള ഫീസ്, നെറ്റ് ബാങ്ക്/കമ്പ്യൂട്ടർ ജനറേറ്റഡ് ചെലാൻ എന്നിവ മുഖാന്തിരം ഒടുക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തി ലഭിക്കുന്ന പ്രിന്റൗട്ടും ബന്ധപ്പെട്ട രേഖകളുടെ പകർപ്പും കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ ആഫീസിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തിയശേഷം ബന്ധപ്പെട്ടവർക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ് നിലവിലുള്ള നടപടിക്രമങ്ങൾ.

(ബി) സ്വന്തം സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ നഴ്സിംഗ് മേഖലയിൽ സേവനമനുഷ്ഠിക്കുന്നതിന് അതാത് സംസ്ഥാനത്തെ നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ അനിവാര്യമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ/കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും നഴ്സിംഗ് മേഖലയിൽ യോഗ്യത നേടി അപേക്ഷിക്കുന്നവർക്കെല്ലാവർക്കും തന്നെ കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിൽനിന്നും രജിസ്ട്രേഷൻ നൽകുന്നുണ്ട്. ആയതിനാൽ വ്യവസ്ഥകൾക്ക് ഇളവനുവദിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly